**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **14-09-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച്, 05/11/2022-ലെ GO (Rt) No. 1069/2022/PWD നമ്പർ ഉത്തരവ് പ്രകാരം 200 കോടി രൂപ തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പ്രവൃത്തിയുടെ DPR നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയിൽ സമർപ്പിച്ചിരുന്നതും, ആയത് കിഫ്ബി അവലോകനം നടത്തി പ്രവൃത്തിയുടെ ആദ്യ ഘട്ടമായി ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള ചെലവുകൾക്ക് 98.305 ലക്ഷം രൂപയ്ക്ക് ധനാനുമതി നൽകുന്നതിനായി 01/09/2023-ന് നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് കിഫ്ബി പുറപ്പെടുവിയ്ക്കുന്നതാണ്. |
| (ബി) | പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ധനാനുമതി ഉത്തരവ് ലഭിക്കുന്ന മുറക്ക് സ്ഥലമേറ്റെടുക്കൽ നടപടികളുമായി നിർവ്വഹണ ഏജൻസിയായ KRFB-ക്ക് മുന്നോട്ട് പോകാവുന്നതും, സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയ്ക്കുള്ള ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതുമാണ്. ധനാനുമതി ലഭിച്ച ശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ